Mathrubhoomi
Jyothi Menon
Date: 24-02-2009 | Edition: Bangalore | Page: 11 | Source: Bureau | Clip size (cm): W: 15 H: 23
Clip: 1 of 2



ജ്യോതി മേനോൻ

# മാലാഖയും ദൈവവും

# Mathrubhoomi

## Jyothi Menon

**Date: 24-02-2009 | Edition: Bangalore | Page: 11 | Source: Bureau | Clip size (cm): W: 15 H: 23**

**Clip: 2 of 2**



## പി. യാമിനി


**ജ്യോ**തിമേനോൻെറ 'ഏയ്ഞ്ചൽ ഓഫ് ഗോഡ്' എന്ന പുസ്തകത്തിലെ മൂസാഭായിയെ കുറിച്ച് വായിക്കുന്നവർക്ക് ന്യായമായും ഒരു സംശയം തോന്നിയേക്കാം. സ്ലം ഡോഗ് മില്യനയറിലെ കഥാപാത്രം ജമാലിൻെറ മറ്റൊരു പകർപ്പല്ലേ ഈ മൂസാഭായ് എന്ന്.

പക്ഷേ, എഴുത്തുകാരി ജ്യോതി നിസ്സംശയം പറയും. "രണ്ടുപേരും ഏഷ്യയിലെ ഏറ്റവും വലിയ ചേരിയായ ധാരാവിയിൽ ജനിച്ചു. എന്നതൊഴിച്ചാൽ അവർ തമ്മിൽ യാതൊരു സാമ്യവുമില്ല." ചെന്നൈയിൽ മാനവ വിഭവശേഷി ഉദ്യോഗസ്ഥയും മാനേജ്മെൻറ് വിദഗ്ധയുമായ ജ്യോതിയുടെ മനസ്സിൽ മൂസയെന്ന കഥാപാത്രം കടന്നുവന്നത് നിരവധി വർഷങ്ങൾക്ക് മുമ്പായിരുന്നു. വിപണിയിലിറങ്ങിയ മൂന്നു മാനേജ്മെൻറ് പുസ്തകങ്ങൾ എഴുതുന്നതിനും വളരെ മുമ്പ്. അവയുടെ തിരക്ക്മൂലം നോവൽ പൂർത്തിയാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

മാനേജ്മെൻറ് പുസ്തകങ്ങളായ 'ദി പവർ ഓഫ് ഹ്യൂമൻ റിലേഷൻസ് ബ്രാൻഡ് മാനേജ്മെൻറ് ആൻറ് മി', ഭർത്താവ് ബോബി മേനോനോടൊപ്പം എഴുതിയ 'എ വിന്നർ' എന്നീ പുസ്തകങ്ങളുടെ ചർച്ചക്കിടയിലും മൂസാഭായ് എന്ന കഥാപാത്രത്തെ ജ്യോതി മനസ്സിൽ രാകി മിനുസ്സപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ ഇക്കഴിഞ്ഞ ജനവരി പത്തിന് ചെന്നൈയിൽ നടന്ന ചടങ്ങിൽ പുസ്തകത്തിൻെറ പ്രകാശനം നടന്നു.

ധാരാവിയിൽ ജനിച്ച മൂസയെ കേന്ദ്ര കഥാപാത്രമാക്കി എഴുതിയ നോവലിൽ ഒരു മലയാളിയുടെ ശീലങ്ങളുടെ മിന്നലാട്ടങ്ങൾ അവിടവിടെ കാണാം. കോഴിക്കോട്ടെ സുലൈമാനി ചായ, വല്യങ്ങാടി, നഗരത്തിലെ മനോഹരമായ സായാഹ്നങ്ങൾ അങ്ങനെ പലതും. മൂസയുടെ ജീവിതത്തിലും ഇത്തരം ചില ദൃശ്യങ്ങളുണ്ട്. ചേരിയിലെ വീട്ടിൽ കൺമുന്നിൽ വെച്ച് സ്വന്തം സഹോദരിയെ നശിപ്പിച്ച അച്ഛൻ. ഒന്നുമാലോചിക്കാതെ അച്ഛനെ കൊന്നു. അതായിരുന്നു മൂസയുടെ അധോലോകത്തേക്കുള്ള ആദ്യപടി. മാഹിയിലെ പള്ളിയും ഹാജി അലിയുടെ ദർഗയും ചെന്നൈയിലെ പാരീസ് കോർണറുമായി ജീവിതം മുന്നോട്ടുപോയ്ക്കൊണ്ടിരുന്നു.

ജ്യോതിയുടെ ജീവിതത്തിലും നിരവധി നഗരങ്ങളുടെ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ ബിരുദപഠനം, പൂണെയിൽ എൻജിനീയറിങ് പഠനം, എയർ ഇന്ത്യയിൽ ഉദ്യോഗസ്ഥനായ അച്ഛൻ കെ.ആർ. രാമചന്ദ്രനോടൊപ്പം ഇന്ത്യ മുഴുവൻ കറങ്ങി. ഉദ്യോഗാർഥവും വിവാഹത്തിനുശേഷവും ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിൽ. സൗദി അറേബ്യയിൽ ഉണ്ടായ ദിവസങ്ങളും പുസ്തകത്തിൽ കോറിയിട്ടു.

നാടിനെക്കുറിച്ചുള്ള ഒരു മറുനാടൻ മലയാളിയുടെ ദീപ്തമായ ഓർമകളാണ് മൂസയുടെ ജീവിതവുമായി ജ്യോതി ബന്ധിപ്പിച്ചത്. എന്നാൽ, മൂസ നടത്തിയ അക്രമങ്ങളെ പ്രാധാന്യവത്ക്കരിക്കാൻ നോവലിലൂടെ ശ്രമിച്ചിട്ടില്ലെന്ന് ജ്യോതി പറയുന്നു. "ചെയ്യുന്നതെന്തും ആത്മാർഥമായി ചെയ്യുന്നയാളാണ് മൂസ. അതാണ് ഞാൻ നോവലിലൂടെ കാണിക്കാൻ ശ്രമിക്കുന്നതും." സഹോദരതുല്യം സ്നേഹിക്കുന്ന ഭാസ്കരനെ നല്ല ജീവിതമുപേക്ഷിച്ച് ചേരിയിൽ ജീവിക്കരുതെന്ന് ഉപദേശിക്കുന്നിടത്ത് അതിൻെറ തിരയിളക്കങ്ങൾ കാണാനാകും. ഒരു പക്ഷേ, ജീവിതത്തിൽ വല്ലപ്പോഴുമൊരിക്കൽ തെളിഞ്ഞു കാണുന്ന മാലാഖമാരെപ്പോലെ.

പുസ്തകത്തിൻെറ പേരിനെ അന്വർഥമാക്കുന്ന അത്തരം ചിലർ തൻെറ ജീവിതത്തിലും ഉള്ളതായി ജ്യോതി പറയുന്നു. അച്ഛൻ, ഭർത്താവ് ബോബി, മകൾ പൂജ, പുസ്തകം വായിച്ച് സുഹൃത്തായി മാറിയ മറ്റൊരു 'ഏയ്ഞ്ചൽ'. അങ്ങനെ നിരവധിപേർ.

ലണ്ടൻ, ഓക്ലാൻഡ് പുസ്തകമേളകളും മാർച്ച് രണ്ടിന് കോഴിക്കോട്ട് നടക്കുന്ന പുസ്തകപ്രകാശനവുമായി തിരക്കിലാണ് ജ്യോതിയിപ്പോൾ. ഇതിനിടെ അടുത്ത പുസ്തകമായ 'ഗോൾഡ് ഫിഷി'ൻെറ രചനയും നടക്കുന്നു. കൂട്ടായി ഒപ്പം ഇടയ്ക്കിടെ തെളിഞ്ഞു കാണുന്ന മാലാഖമാരും അവർ പൊഴിക്കുന്ന സംഗീതവും.